പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1312

31/10/2019-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ചിറ്റയം ഗോപകുമാർ<br>ശ്രീ ഇ.കെ.വിജയൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ മുഹമ്മദ് മുഹസിൻ പി. | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ മേഖലയിലെ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ മേഖലയിലെ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി ആരംഭിച്ചത്. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ അറിവ്, കഴിവ്, നൈപുണി , മനോഭാവം എന്നിവ ഏറ്റവും ഉയർന്ന തലത്തിലേക്കുയർത്തുന്നതിനായി പഠന ബോധന പ്രക്രിയയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം, നൂതന വിവര സാങ്കേതിക വിദ്യാസങ്കേതങ്ങൾ എന്നിവ ഓരോ വിദ്യാലയത്തിനും ഉറപ്പുവരുത്തുന്നതിനുമായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ച്ചപ്പാടിലൂന്നിക്കൊണ്ട് അക്കാദമിക മികവ്, വിദ്യാലയ മികവ് എന്ന ലക്ഷ്യം നേടാനുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് പൊതുവിദ്യാലയങ്ങളിൽ നടക്കുന്നത്. |
| (ബി) പൊതുവിദ്യാലയങ്ങൾക്കുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ, നിർവ്വഹണ പ്ലാൻ എന്നിവ ഉദ്ദേശിക്കുന്ന വിധത്തിൽ എല്ലാ സ്കൂളുകളും തയ്യാറാക്കിയിട്ടുണ്ടോ; | (ബി) പൊതുവിദ്യാലയങ്ങളിൽ അക്കാദമിക മാസ്റ്റർ പ്ലാൻ എന്നത് നവീനമായ ആശയമാണ്. എല്ലാ സ്കൂളുകളും ഇത് തയ്യാറാക്കിയിട്ടുണ്ട്. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ മെച്ചപ്പെടുത്തലുകൾക്ക് വിധേയമാണ്. അതുപോലെ നിർവ്വഹണ പ്ലാനുകളും സ്കൂളുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയും പരിവർത്തനത്തിന് വിധേയമാണ്. നിരന്തരമായി നടക്കുന്ന ഈ പ്രക്രിയയിലൂടെയാണ് മികച്ച നിലയിലേക്ക് അക്കാദമിക മാസ്റ്റർ പ്ലാനും നിർവ്വഹണ പ്ലാനും വികസിപ്പിച്ചുവരിക. |

| | |
|---|---|
| (സി) 'പഠനോത്സവങ്ങൾ' സമൂഹത്തോട് ഏതൊക്കെ തരത്തിലുള്ള വിനിമയത്തിനാണ് കുട്ടികളെ പ്രാപ്തരാക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) 'പഠനോത്സവങ്ങൾ' വഴി ഓരോ കുട്ടിയും ആർജ്ജിച്ച കഴിവുകൾ പൊതുസമൂഹത്തിൽ പങ്കുവയ്ക്കാൻ കഴിഞ്ഞു കുട്ടികളുടെ ആത്മവിശ്വാസം ഇതുമൂലം ഉയർന്നിട്ടുണ്ട് ഒരു കുട്ടിയുടെ മികവുകൾ തന്റെ രക്ഷിതാവിനെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്തുന്നതിന് പഠനോത്സവങ്ങൾ സഹായിച്ചിട്ടുണ്ട് |
| (ഡി) പി.റ്റി.എ., എസ്.എം.സി. എന്നീ സംവിധാനങ്ങളുടെ ഫലപ്രദമായ ഏകോപനം ഏതൊക്കെ വിധത്തിൽ കൈവരിക്കുമെന്ന് അറിയിക്കുമോ? | (ഡി) നിലവിൽ സർക്കാർ എലിമെന്ററി സ്കൂളുകൾ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ എസ്.എം.സി സംവിധാനവും സർക്കാർ എയ്ഡഡ് സ്കൂളുകളിലും സർക്കാർ ഹൈസ്കൂളുകൾ, ഹയർ സെക്കന്ററി സ്കൂളുകളിലും പി.റ്റി.എ സംവിധാനവും നിലവിലുണ്ട്. ഇന്ത്യൻ പാർലമെന്റ് പാസാക്കിയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ എസ്.എം.സികളും സംസ്ഥാന സർക്കാരിന്റെ ഉത്തരവു പ്രകാരം പി.റ്റി.എ-കളും സംസ്ഥാനത്തെ സ്കൂളുകളിൽ ശക്തമായും ഫലപ്രദമായും ഇടപെട്ട് സ്കൂളുകളുടെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടന്നു വരുന്നു. |

Namitha .V

**സെക്ഷൻ ഓഫീസർ**